# CAREER Updates
# പത്രവൃത്താന്തം

**10.07.2024 (ബുധൻ)**



⇨ 2024 ജൂലൈയിൽ പുറത്തുവന്ന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ഏറ്റവും മലിനമായ നദി

✔ കല്ലായിപ്പുഴ (കോഴിക്കോട്)

- 2022-ൽ മലിനീകരണം ഏറ്റവും രൂക്ഷമായിരുന്ന കരമനയാർ (തിരുവനന്തപുരം) ആണ് 2023-ലെ കണക്കനുസരിച്ച് കേരളത്തിലെ ഏറ്റവും മലിനമായ നദികളിൽ രണ്ടാം സ്ഥാനത്ത്. പത്തനംതിട്ട ജില്ലയിലെ മണിമലയാർ ആണ് കേരളത്തിലെ ഏറ്റവും മലിനമായ നദികളിൽ മൂന്നാമത്.
- ജലത്തിലെ ഓക്സിജന്റെ അളവ് പരിശോധിച്ച് മലിനീകരണത്തോത് രേഖപ്പെടുത്തുന്ന ബി.ഒ.ഡി. നിരക്ക് 2022-ൽ കല്ലായിപ്പുഴയിൽ അനുവദനീയ തോതായ ലിറ്ററിൽ 3 മില്ലിഗ്രാം എന്ന നിലയിലായിരുന്നു. 2023 ആയപ്പോഴേക്കും ഇത് 12.8 മില്ലിഗ്രാം ആയി ഉയർന്നു. എന്നാൽ നദീജലത്തിലെ വിസർജ്യത്തിന്റെ അളവ് രേഖപ്പെടുത്തുന്ന ഫീക്കൽ കോളിഫോം കൗണ്ട് (എഫ്.സി. കൗണ്ട്) കല്ലായിപ്പുഴയിൽ 100 മില്ലിലിറ്ററിൽ 7,90000 എന്നതിൽ നിന്നും 2023-ൽ 410000-480000 എന്ന നിലയിലേക്ക് താഴ്ന്നു. 100 മില്ലിലിറ്റർ ജലത്തിൽ 2500 എന്നതാണ് എഫ്.സി. കൗണ്ടിന്റെ അനുവദനീയ പരിധി.

⇨ 2024 ജൂലൈയിൽ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകനായി നിയമിതനായത്

✔ ഗൗതം ഗംഭീർ

⇨ 2024 ജൂലൈയിൽ ഉത്തർപ്രദേശിലെ ഹാഥ്റസിൽ ഒട്ടേറെപ്പേരുടെ മരണത്തിനിടയാക്കിയ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുവാൻ നിയമിക്കപ്പെട്ട ജുഡീഷ്യൽ കമ്മിഷന്റെ അധ്യക്ഷൻ

✔ ജസ്റ്റിസ് ബ്രിജേഷ് കുമാർ ശ്രീവാസ്തവ

⇨ 2024 ജൂലൈയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ തങ്ങളുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഓർഡർ ഓഫ് സെന്റ് ആൻഡ്രൂ ദി അപ്പോസൽ നൽകി ആദരിച്ച രാജ്യം

✔ റഷ്യ

⇨ 2024 ജൂലൈയിൽ വിജയകരമായി പരീക്ഷിച്ച, വർഷത്തിൽ രണ്ട് കുത്തിവയ്പ്പിലൂടെ എച്ച്.ഐ.വി. അണുബാധയിൽ നിന്നും പൂർണ്ണ സംരക്ഷണം ഉറപ്പാക്കുന്ന മരുന്ന്

✔ ലെനാകപവിർ

⇨ കേന്ദ്ര ആരോഗ്യ മന്ത്രാലയം നടപ്പിലാക്കുന്ന ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന യജ്ഞത്തിന്റെ മുഖ്യ ഉപ ദേഷ്ടാവായി നിയമിതയായത്

✔ ഡോ. സൗമ്യ സ്വാമിനാഥൻ

⇨ 2024 ജൂലൈയിൽ ലോകത്തിലെ ആദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വസ്ത്രമായ മെഡുസ വികസിപ്പിച്ചെടുത്ത വനിത

✔ ക്രിസ്റ്റീന ഏണസ്റ്റ്

⇨ 2024-ലെ ഫോർമുല വൺ ബ്രിട്ടീഷ് ഗ്രാൻപ്രീയിൽ ജേതാവായത്

✔ ലൂയിസ് ഹാമിൽട്ടൺ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999